**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1972** **09-02-2023 - ൽ മറുപടിയ്ക്ക്**

**ഡൽഹിയിൽ സർക്കാരിന്റെ പ്രത്യേക പ്രതിനിധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു.എ.ലത്തീഫ്,<br>ശ്രീ എ കെ എം അഷ്‌റഫ്,<br>പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ . പി . ഉബൈദുള്ള | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ക്യാബിനറ്റ് പദവിയോടെ ഡൽഹിയിൽ സംസ്ഥാനത്തിന്റെ പ്രത്യേക പ്രതിനിധിയെ നിയോഗിച്ചിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | എങ്കിൽ പ്രത്യേക പ്രതിനിധിയുടെ ഉത്തരവാദിത്തങ്ങൾ എന്തെല്ലാമാണെന്ന് നിശ്ചയിച്ചിട്ടുണ്ടോ; | (ബി) | സൗഹാർദ്ദപൂർണ്ണവുമായ കേന്ദ്ര സംസ്ഥാന ബന്ധം നിലനിർത്തുക, കേന്ദ്ര സർക്കാരിലും അനുബന്ധ മന്ത്രാലയങ്ങളിൽ നിന്നും സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ നേടിയെടുക്കുക, സംസ്ഥാന സർക്കാരിന്റെ നയങ്ങളും നിലപാടുകളും കേന്ദ്രസർക്കാർ മുമ്പാകെ വളരെ വ്യക്തമായി അവതരിപ്പിച്ച് കേന്ദ്രത്തിൽ നിന്ന് അനുകൂല നടപടികൾ ഉറപ്പാക്കുക തുടങ്ങിയ ലക്ഷ്യങ്ങൾ നിറവേറ്റുന്നതിനായാണ് പ്രത്യേക പ്രതിനിധിയെ നിയമിച്ചത്. |
| (സി) | ഡൽഹിയിൽ പ്രവർത്തിക്കുന്ന ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടിയുടെയും റസിഡൻറ് കമ്മീഷണറുടെയും അധികാരത്തിൽ കുറവ് വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; | (സി) | ഇല്ല. |
| (ഡി) | കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്ന ഈ കാലയളവിൽ പ്രത്യേക പ്രതിനിധിയുടെ പ്രവർത്തനത്തിന് വേണ്ട ചെലവ് കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കുമോ? | (ഡി) | ശമ്പളത്തിന് പകരം ഓണറേറിയം നൽകിയാൽ മതിയാകുമെന്ന് പ്രത്യേക പ്രതിനിധി രേഖാമൂലം അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ